പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4237 — 21/07/2015 ൽ മറുപടിക്ക്

## തീറ്റപ്പുല്ല് ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) ക്ഷീര കർഷകർക്ക് തീറ്റപ്പുല്ല് ക്ഷാമം മൂലം പലപ്പോഴും ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നുണ്ടെന്നും ഇത് കർഷകരെ ഈ മേഖലയിൽ നിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുന്നുണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കർഷകർക്ക് തീറ്റപ്പുല്ല് നൽകുന്നതിനും തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | ബി) തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പാണ് നടപ്പിലാക്കുന്നത്. വർഷം മുഴുവൻ നിൽക്കുന്ന തീറ്റപ്പുൽ കൃഷി, ചെലവു കുറഞ്ഞതും ശാസ്ത്രീയവുമായ ഫീഡിംഗ് രീതി, കറവപ്പശുക്കളുടെ ആരോഗ്യം, പാലിന്റെ ഗുണ നിലവാരം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഉല്പാദകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടു തീറ്റപ്പുൽ കൃഷിക്കുള്ള സഹായം, നടീൽ വസ്തുക്കളുടെ വിതരണം, അസോള, ചോളം, തീറ്റപ്പുൽ എന്നീ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി, ഹൈഡ്രോപോണിക് തീറ്റപ്പുൽക്കൃഷി രീതി എന്നിവ നടപ്പിലാക്കി വരുന്നു. |

ക്ഷീരവകുപ്പിനു കീഴിലുള്ള മിൽമയുടെ തിരുവനന്തപുരം മേഖല യൂണിയനിൽ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഇരുപത് ലക്ഷം രൂപ ചെലവഴിച്ച് 60 ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി നടത്തുന്നതിനുള്ള സ്കീം ഈ വർഷം നടപ്പിലാക്കുന്നുണ്ട്. എറണാകുളം മേഖല യൂണിയൻ 2015-16 വർഷം വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്ന സംരംഭകരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പച്ചപ്പുല്ല് ആവശ്യക്കാരായ ക്ഷീരകർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിനുള്ള ഒരു വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. അധികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചപ്പുല്ല് സൈലോബാഗുകൾ ഉപയോഗിച്ച് സൈലേജ് ആക്കി മാറ്റി സൂക്ഷിച്ചു വെയ്ക്കുവാനും വേനൽ മാസങ്ങളിൽ വിതരണം ചെയ്യാനും പദ്ധതിയുണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയൻ പുൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

സി) കർഷകർക്ക് വർഷം മുഴുവൻ തീറ്റപ്പുൽ എത്തിക്കുന്ന തരത്തിലുള്ള പദ്ധതികൾ ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ക്ഷീരസഹകരണസംഘങ്ങളിൽ വനിതകളുടെ സ്വയം സഹായക ഗ്രൂപ്പ് സംരംഭമായി "ഗോപാലിക" എന്ന പേരിൽ തീറ്റപ്പുൽക്കൃഷിയ്ക്കും വിപണനത്തിനുമായി പദ്ധതി നടപ്പുവർഷം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ